# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 133.

28.11.2018 ൽ
മറുപടിക്ക്

## പോലീസിലെ വനിതാ പ്രാതിനിധ്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പോലീസ് സേനയിൽ നിലവിലുള്ള വനിത പ്രാതിനിധ്യം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (എ) | 8.53% |
| (ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര വനിത പോലീസ് ഓഫീസർമാരാണ് പ്രവർത്തിക്കുന്നതെന്നും ഇവരുടെ പ്രാതിനിധ്യം 15% എന്ന നിലയിൽ വർദ്ധിപ്പിക്കാൻ എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന പോലീസ് സേനയിൽ നിലവിലെ വനിതാ പോലീസ് സേനാംഗങ്ങളുടെ അംഗീകൃത അംഗബലം 4443 (വനിതാ ഡി.വൈ.എസ്.പി മുതൽ വനിതാ പോലീസ് കോൺസ്റ്റബിൾ വരെ) ആണ്. പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. |
| (സി) ഏതൊക്കെ സ്റ്റേഷനുകളിലാണ് ഇപ്പോൾ വനിത എസ്.ഐ. മാർക്ക് ചുമതല നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ വനിതാ പോലീസ് സ്റ്റേഷനുകൾ ഒഴികെ വനിതാ സബ് ഇൻസ്പെക്ടർമാർ ചുമതല വഹിക്കുന്ന പോലീസ് സ്റ്റേഷനുകൾ താഴെപ്പറയുന്നു.<br>1. തിരുവനന്തപുരം റൂറൽ ജില്ലയിലെ വലിയമല പോലീസ് സ്റ്റേഷൻ<br>2. പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് പോലീസ് സ്റ്റേഷൻ<br>3.കൊച്ചി സിറ്റിയിലെ ഇൻഫോപാർക്ക് പോലീസ് സ്റ്റേഷന്റെ ചുമതല വനിതാ പോലീസ് ഇൻസ്പെക്ടർ മാർക്കാണ്.<br>4. ഇടുക്കി ജില്ലയിലെ കുളമാവ് പോലീസ് സ്റ്റേഷൻ<br>5. പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷൻ<br>6. കോഴിക്കോട് സിറ്റിയിലെ ചെമ്മങ്ങാട് പോലീസ് സ്റ്റേഷൻ<br>7. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പോലീസ് സ്റ്റേഷൻ |

Rajanil

സെക്ഷൻ ഓഫീസർ